**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2632** **14-09-2023 - ൽ മറുപടിയ്ക്ക്**

**സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾക്ക് വിഹിതം നൽകാതെ കേന്ദ്രത്തിന് വരുമാനമുണ്ടാക്കുന്നതിനായി ഏർപ്പെടുത്തിയ സെസ്സുകളും സർചാർജ്ജുകളും നിർത്തലാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (എ) | സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ സെസുകളും സർചാർജ്ജുകളും ഏർപ്പെടുത്തി അധികവരുമാനം ഉണ്ടാക്കുകയാണ് കേന്ദ്രം ചെയ്തു വരുന്നത്. 2011-2012 മുതൽ 2020-2021 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേക്ക് വർദ്ധിച്ചിട്ടുണ്ട്. സെസുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കു കൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളെയെല്ലാം പ്രതികൂലമായി ബാധിക്കുന്ന വിഷയമായതിനാൽ മറ്റ് സംസ്ഥാനങ്ങളുടെ പിൻതുണ ലഭിക്കുമെന്ന് കരുതുന്നു. |
| (ബി) | ഇതിനായി കേരളത്തിന് മറ്റു സംസ്ഥാനങ്ങളുടെ പിന്തുണ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ സെസുകളും സർചാർജ്ജുകളും ഏർപ്പെടുത്തി അധികവരുമാനം ഉണ്ടാക്കുകയാണ് കേന്ദ്രം ചെയ്തു വരുന്നത്. 2011-2012 മുതൽ 2020-2021 വരെയുള്ള ദശാബ്ദ കാലയളവിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരവിൽ സെസുകളുടെയും സർചാർജ്ജുകളുടെയും വിഹിതം ഏതാണ്ട് 10 ശതമാനത്തിൽ നിന്നും 20 ശതമാനത്തിലേക്ക് വർദ്ധിച്ചിട്ടുണ്ട്. സെസുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ് കാരണം മൊത്തം |

| | | | |
|---|---|---|---|
| | | | കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജ്ജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കു കൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളെയെല്ലാം പ്രതികൂലമായി ബാധിക്കുന്ന വിഷയമായതിനാൽ മറ്റ് സംസ്ഥാനങ്ങളുടെ പിൻതുണ ലഭിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ